## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** **10-02-2025 - ൽ മറുപടിയ്ക്ക്**

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അടുത്ത കാലത്തായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5.12.2024 -ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് വർദ്ധിപ്പിച്ചിട്ടുണ്ട് . വൈദ്യുതി ചാർജ്ജിൽ 2024-25-ൽ 2.39% വർദ്ധനവും, 2025-26-ൽ 1.75 % വർദ്ധനവുമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത് . 2026-27-ലാകട്ടെ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല. |
| (ബി) | വൈദ്യുതി ചാർജ് വർദ്ധനവിലൂടെ എത്ര തുക അധികമായി സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05.12.2024 -ലെ ഉത്തരവ് പ്രകാരം 2024-25-ലേക്കുള്ള താരിഫ് പരിഷ്കരണം മൂലം 455.83 കോടി രൂപയുടെ (Full Year basis) അധികവരുമാനവും, 2025-26 - ലേക്കുള്ള താരിഫ് പരിഷ്കരണം മൂലം 357.28 കോടി രൂപയുടെ (Full Year basis) അധിക വരുമാനവും ഉണ്ടാകുമെന്നാണ് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്.<br><br>2024-25 താരിഫ് പരിഷ്കരണത്തിന് 05.12.2024 മുതൽ മാത്രം പ്രാബല്യം നൽകിയിട്ടുള്ളതിനാൽ 146 കോടി രൂപയുടെ അധികവരുമാനം മാത്രം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. |
| (സി) | ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന വൈദ്യുതി ചാർജ് വർദ്ധനവ് പിൻവലിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം-2003ലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം - 2016, റെഗുലേറ്ററി കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2021 ഇവയ്ക്ക് അനുസൃതമായാണ് താരിഫ് നിർണ്ണയിക്കുന്നത്. റെഗുലേറ്ററി കമ്മീഷൻ നിലവിലുള്ള 5 വർഷം കൺട്രോൾ പിരിയിഡിലേക്ക് (2023-27) റവന്യൂ ഗ്യാപ്പ് നിർണയിച്ചെങ്കിലും സമയാസമയങ്ങളിൽ റവന്യൂ ഗ്യാപ്പ് പൂർണമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | 2022-23-വരെ നികത്തപ്പെടാത്ത റവന്യൂ കമ്മി 6408.37കോടി രൂപയും 2023-24 വർഷത്തെ ട്രൂഅപ് പെറ്റീഷൻ പ്രകാരമുള്ള കമ്മി 1323.95 കോടി രൂപയും കണക്കിലെടുത്താൽ 31.03.24 വരെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും. ഈയൊരു സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ യഥാസമയം നടത്തി മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് കുറഞ്ഞൊരളവിലെങ്കിലും താരിഫ് പരിഷ്കരണമില്ലാതെ കഴിയുകയില്ല. കൂടാതെ വൈദ്യുതി വാങ്ങൽ, പ്രവർത്തന പരിപാലന ചിലവുകൾ മുതലായ അവശ്യം നടത്തപ്പെടേണ്ട ചിലവുകൾക്ക് പോലും ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ അനുവദിച്ച തന്ന നാമമാത്രമായ വർദ്ധനവ് ഒഴിവാക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ